# നീര ഉൽപാദനം ഒരു കർഷകന് പരമാവധി 20 തെങ്ങിൽ നിന്ന്

**ജാവേദ് പർവേശ്**

തിരുവനന്തപുരം● നീര ഉൽപാദനം ഒരു കർഷകനു പരമാവധി 20 തെങ്ങിൽ നിന്നു മാത്രമെന്നാക്കി ചട്ടം. എക്സൈസ് വകുപ്പ് അംഗീകരിച്ച കേരള സ്വീറ്റ് ടോഡി (നീര) റൂൾസ് 2014 പ്രകാരം ഒരു അപേക്ഷകന് 20 തെങ്ങിൽ നിന്നു മാത്രമേ നീര ചെത്താനാകൂ. നീരയ്ക്ക് അംഗീകാരം നൽകിക്കൊണ്ടുള്ള മന്ത്രിസഭാ ഉത്തരവിറങ്ങി നാലു മാസങ്ങൾക്കു ശേഷമാണു നീര ചട്ടത്തിന് എക്സൈസ് വകുപ്പ് അംഗീകാരം നൽകിയത്. തെങ്ങുകൾക്കു നിയന്ത്രണം വച്ചുള്ള തീരുമാനം കർഷകസൗഹൃദമല്ലെന്ന് ആക്ഷേപം ഉയർന്നിട്ടുണ്ട്.

നീര ഉൽപാദിപ്പിക്കുതിനും ഇത് അടിസ്ഥാനമാക്കിയുള്ള ഉൽപന്നങ്ങൾ നിർമിക്കുതിനും ലൈസൻസ് നൽകാനുള്ള അധികാരം അതത് എക്സൈസ് ഡിവിഷനുകളിലെ ഡപ്യൂട്ടി കമ്മിഷണർമാർക്കായിരിക്കും. വാർഷിക ലൈസൻസ് ഫീസ് 100 രൂപയാണ്. ഏപ്രിൽ ഒന്നു മുതൽ മാർച്ച് 31 വരെ കാലയളവിൽ ഓരോ വർഷത്തേക്കാണു ലൈസൻസ് നൽകുകയെന്നു മന്ത്രി കെ. ബാബു അറിയിച്ചു. ഇന്നലെ അംഗീകരിച്ച ചട്ടങ്ങളുടെ ഗസറ്റ് വിജ്ഞാപനം ഉടൻ ഉണ്ടാകും. കേരളത്തിലെ നാളികേര കർഷകർക്കു മികച്ച ആദായം ഉണ്ടാക്കുന്നതിനായി നാളികേര വികസന ബോർഡ് ഉൾപ്പെടെയുള്ളവരുടെ നേതൃത്വത്തിലാണു നീര ഗവേഷണം നടന്നത് 100% ആൽക്കഹോൾവിമുക്ത പാനീയമാണിത്. എക്സൈസ് ചട്ടങ്ങളിൽ മാറ്റം വരുത്തി കേരള സ്വീറ്റ് ടോഡി (നീര) റൂൾസ് 2014 എന്ന പേരിലാണു പുതിയ ചട്ടം കൊണ്ടുവന്നത്. തെങ്ങ് ചെത്തി നീര ഉൽപാദിപ്പിക്കുന്നതിൽ എക്സൈസിന്റെ കടുത്ത നിയന്ത്രണമുണ്ടാകും. എക്സൈസ് ഇൻസ്പെക്ടറുടെ തസ്തികയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥൻ രേഖപ്പെടുത്തിയ തെങ്ങിൽ നിന്നു മാത്രമേ നീര ഉൽപാദിപ്പികാനാകൂ.

ഓരോ ജില്ലകളിലും എത്ര പേർക്കു ലൈസൻസ് നൽകുമെന്നത് എക്സൈസ് കമ്മിഷണറുടെ വിവേചനാധികാരത്തിൽപ്പെട്ടതാണ്. നിലവിലുള്ള കള്ളുഷാപ്പുകാർക്കോ അവരുടെ തൊഴിലാളികൾക്കോ നീര ചെത്താൻ ലൈസൻസ് നൽകില്ല. ക്രിമിനൽ കേസിൽ ഉൾപ്പെട്ടു മൂന്നു വർഷത്തിലധികം തടവുശിക്ഷ അനുഭവിച്ചവർക്കും നീര ചെത്താൻ ലൈസൻസ് നൽകില്ല.

ചെത്തുതൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായ ചെത്തുകാർക്കാണു നീര ചെത്താനുള്ള അവകാശം. ഇവർ ഇല്ലെങ്കിൽ മാത്രമേ നീര ടെക്നീഷൻമാരെ പരിഗണിക്കാവൂ. ക്ഷേമനിധി ബോർഡിൽ ഇതിനായി നീര ടെക്നീഷൻമാർ അംഗത്വമെടുക്കണം. ഈ നിർദേശവും കർഷകസൗഹൃദമല്ലെന്നാണ് ആക്ഷേപം. പല ജില്ലകളിലും ചെത്തുതൊഴിലാളികൾ നീരയ്ക്ക് എതിരാണ്. ക്ഷേമനിധി ബോർഡിൽ അംഗത്വം ലഭിക്കുന്നതും എളുപ്പമല്ല. ചെത്തുകാർ സ്വന്തം നിലയ്ക്കു നീര വിൽക്കുന്നതോ കള്ളുഷോപ്പിൽ കൊണ്ടുപോകുന്നതോ തടഞ്ഞിട്ടുണ്ട്.

ചെത്തിയെടുക്കുന്ന നീരയിൽ ആൽക്കഹോളിന്റെ അംശമില്ലെന്നു കണ്ടെത്തുന്നതിനായി രാസപരിശോധന നടത്താനുള്ള അധികാരം എക്സൈസ് ഇൻസ്പെക്ടർക്കുണ്ടാകും. ഗവേഷണ ആവശ്യങ്ങൾക്കായി നീര ചെത്താനുള്ള അനുമതി എക്സൈസ് കമ്മിഷണർക്കു നൽകാം. നിയമലംഘനം നടത്തുന്നവർക്ക് 5000 രൂപയാണു പിഴ. പുതിയ ചട്ടത്തിൽ സ്വീറ്റ് ടോഡി (മധുരക്കള്ള്) എന്നാണു നീരയെ വിശേഷിപ്പിച്ചത്. ഇതും കർഷകരിൽ അമർഷമുണ്ടാക്കിയിട്ടുണ്ട്. നീരയെ കാർഷിക ഉൽപന്നമായി കാണണമെന്ന വാദമാണു നാളികേര വികസന ബോർഡ് ഉൾപ്പെടെയുള്ളവർ വർഷങ്ങളായി മുന്നോട്ടു വച്ചിരുന്നത്.